No. CEE/3600/KEAM-2021/TA2

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2021

## NRI സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനും, അപാകതകൾ പരിഹരിക്കുന്നതിനും അവസരം

2021–22 വർഷത്തെ മെഡിക്കൽ കോഴ്സുകളിലെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക്, സ്വാശ്രയമെഡിക്കൽ/ദന്തൽ കോളേജുകളിലെ **NRI** ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തവർക്ക് **30.10.2021** മുതൽ **08.11.2021,** വൈകുന്നേരം **05.00** മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്. നിലവിൽ അപ്‌ലോഡ് ചെയ്ത NRI സർട്ടിഫിക്കറ്റുകളിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് ഈ അവസരത്തിൽ പരിഹരിക്കാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള**'KEAM-2021 Candidate Portal'** എന്ന ലിങ്കിൽ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്/ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കാവുന്നതാണ്. NRI കാറ്റഗറി തെളിയിക്കുന്നതിനായി ഒന്നിലധികം സർട്ടിഫിക്കറ്റുകൾ വേണ്ടതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും കൂടി ഒറ്റ PDF ഫയൽ ആക്കിയതിനുശേഷം മാത്രം അപ്‌ലോഡ് ചെയ്യുക. NRI സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന്മുമ്പ് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള 31.05.2021 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിജ്ഞാപനം ശ്രദ്ധിക്കേണ്ടതും വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ബഹു.സുപ്രീം കോടതിയുടെ 23.03.2020ലെ WP (C) No.370വിധി പ്രകാരം കേരളീയേതരായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) മേൽപറഞ്ഞ തീയതിക്കുള്ളിൽ NRI സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്യാത്ത സർട്ടിഫിക്കറ്റുകളോ നേരിട്ടോ തപാലിലോ ഇ–മെയിലോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300**

തിരുവനന്തപുരം
30 .10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**